# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2277 | 17/06/2014-ൽ മറുപടിക്ക്

## ആറളം ഫാമിലെ പൈനാപ്പിൾ കൃഷി-പാട്ടത്തുക

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വി.ശശി: | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| എ) | ആറളം ഫാമിൽ എത്രയേക്കറിൽ സ്വകാര്യ വ്യക്തികൾ പൈനാപ്പിൾ കൃഷി നടത്തുന്നു; പ്രസ്തുത ഭൂമി ആർക്കെല്ലാമാണ് പാട്ടത്തിന് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഒരേക്കറിന്റെ പാട്ടത്തുകയെത്രയെന്നും വ്യക്തമാക്കുമോ ; | എ | ആറളം ഫാമിൽ സ്വകാര്യ വ്യക്തികൾക്ക് പൈനാപ്പിൽ കൃഷി നടത്തുന്നതിനായി അനുവാദം നൽകിയിട്ടില്ല. എന്നാൽ പുതിയതായി റബർ/കശുമാവ് കൃഷി പുറം കരാർ മുഖേന ചെയ്യുന്നതിന്റെ ഭാഗമായി റബർ/കശുമാവ് കൃഷിയുടെ ഇടവിളയായി പൈനാപ്പിൾ കൃഷി ചെയ്യുവാൻ അനുവാദം നൽകിയിട്ടുണ്ട്. ഇതിന്റെ കാലാവധി മൂന്ന് വർഷമാണ്. കാലാവധി കഴിയുമ്പോഴേയ്ക്കും റബർ/കശുമാവ് നല്ലനിലയിൽ വളർച്ച പ്രാപിച്ചിട്ടുണ്ടായിരിക്കും. ഫാമിൽ റബർ/കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായാണ് മേൽ പ്രവൃത്തി സ്വീകരിച്ചുവരുന്നത്. |
| ബി) | പാട്ടത്തിന് എടുത്ത ഭൂമിയിലധികവും പൈനാപ്പിൾ കൃഷിക്കായി പാട്ടക്കാരൻ ഉപയോഗിക്കുന്നതായി ആദിവാസി മിഷനോ ട്രൈബൽ ഓഫീസറോ റിപ്പോർട്ട് നൽകി യിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ടിൽ സ്വീകരിച്ച നടപടി വിശദീകരി ക്കുമോ ? | ബി | ഇല്ല; ബാധകമല്ല. |

സെക്ഷൻ ഓഫീസർ